Jesus Youth RECOMMITMENT DAY

# ജീസസ് യൂത്ത്

## സമർപ്പണ/പുന: സമർപ്പണദിനം

## പ്രാർത്ഥനാക്രമം

**1) ആമുഖപ്രാർത്ഥന**

ലീഡർ : കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ

സ : കർത്താവേ, അങ്ങയുടെ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമേ

ലീ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സ : ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമേൻ

ലീ : യേശു പഠിപ്പിച്ചതുപോലെ നമുക്കു പിതാവിനെ വിളിച്ചപേക്ഷിക്കാം

സ : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

**സ്തുതിഗീതാലാപനം**

**2) സ്തോത്രഗീതം. സങ്കീർത്തനം 46 (രണ്ടു ഗണമായി)**

1. ദൈവമാണു നമ്മുടെ അഭയവും ശക്തിയും;
കഷ്ടതകളിൽ അവിടന്നു സുനിശ്ചിതമായ തുണയാണ്.

2. ഭൂമി ഇളകിയാലും പർവതങ്ങൾ സമുദ്രമധ്യത്തിൽ
അടർന്നു പതിച്ചാലും നാം ഭയപ്പെടുകയില്ല.

1 ജലം പതഞ്ഞുയർന്നിരമ്പിയാലും
അതിന്റെ പ്രകമ്പനങ്ങൾകൊണ്ടു
പർവതങ്ങൾ വിറകൊണ്ടാലും നാം ഭയപ്പെടുയുയില്ല.

2. ദൈവത്തിന്റെ നഗരത്തെ
അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ,
സന്തുഷ്ടമാക്കിക്കൊണ്ട് ഒഴുകുന്ന ഒരു നദിയുണ്ട്

1 ആ നഗരത്തിൽ ദൈവം വസിക്കുന്നു;
അതിന് ഇളക്കം തട്ടുകയില്ല;
അതിരാവിലെ ദൈവം അതിനെ സഹായിക്കും

2 ജനതകൾ ക്രോധാവിഷ്ടരാകുന്നു;
രാജ്യങ്ങൾ പ്രകമ്പനം കൊള്ളുന്നു;
അവിടന്നു ശബ്ദമുയർത്തുമ്പോൾ

1. സൈന്യങ്ങളുടെ കർത്താവു നമ്മോടുകൂടെയുണ്ട്;
യാക്കോബിന്റെ ദൈവമാണു നമ്മുടെ അഭയം

2. വരുവിൻ, കർത്താവിന്റെ പ്രവൃത്തികൾ കാണുവിൻ:
അവിടന്നു ഭൂമിയെ എങ്ങനെ ശൂന്യമാക്കിയിരിക്കുന്നു
എന്നു കാണുവിൻ.

1. അവിടന്നു ഭൂമിയുടെ അതിർത്തിയോളം യുദ്ധമില്ലാതാക്കുന്നു;
അവിടന്നു വില്ലൊടിക്കുകയും കുന്തം തകർക്കുകയും ചെയ്യുന്നു;
രഥങ്ങളെ അഗ്നിയിരയാക്കുന്നു.

2. ശാന്തമാകുക, ഞാൻ ദൈവമാണെന്നറിയുക;
ഞാൻ ജനതകളുടെ ഇടയിൽ ഉന്നതനാണ്;
ഞാൻ ഭൂമിയിൽ ഉന്നതനാണ്.

1. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

2 ആദിയിലെപ്പോലെ ഇപ്പോഴും എന്നേക്കും ആമേൻ

1 &2 ദൈവമാണു നമ്മുടെ അഭയവും ശക്തിയും;
കഷ്ടതകളിൽ അവിടന്നു സുനിശ്ചിതമായ തുണയാണ്.
സ്തുതി ഗീതാലാപനം
സ്തുതി ആരാധനാ വേള

**3) ദൈവവചനം**

**ലൂക്കാ 24: 3649**

**4) ദൈവവചന വിചിന്തനം**

എല്ലാവരും ഇരുന്ന് സുവിശേഷ പ്രഭാഷണം ശ്രവിക്കുന്നു. സമർപ്പണവും പ്രതിജ്ഞയും ദൈവദാനമായി സഭയുടെയുംമാനവ കുടുംബത്തിന്റെയും നന്മയ്ക്കായി തെരെഞ്ഞെടുക്കപ്പെട്ടവരുടെ വിശുദ്ധീകരണത്തിനുള്ള ആഹ്വാനമായും വിശദീകരിക്കപ്പെടുന്നു.

**5) ജീസസ് യൂത്ത് സമർപ്പണം / പുനഃ സമർപ്പണ പ്രതിജ്ഞ**

കോ-ഓർഡിനേറ്റർ : സമർപ്പണ/പുഃസമർപ്പണ പ്രതിജ്ഞ എടുക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി എഴുന്നേറ്റു നിൽക്കാമോ?

ആത്മശോധന

കാർമ്മികൻ : ക്രിസ്തുവിൽ പ്രിയ സഹാദരീ സഹോദരൻമാരേ, നിങ്ങൾ ജലത്താലും പരിശുദ്ധാത്മാവിനാലും കർത്തൃശുശ്രൂഷയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവരാണ്. ജീസസ് യൂത്തിലുള്ള നിങ്ങളുടെ സമർപ്പണ പ്രതിജ്ഞാ ഉടമ്പടിയിലൂടെ കർത്താവുമായി ഗാഢമായ ഐക്യത്തിലാകുവാൻ നിങ്ങൾ തീരുമാനിച്ചുറച്ചുവോ?

അർഥി/കൾ : ദൈവസഹായത്താൽ , ഞാൻ **ഞങ്ങൾ** സന്നദ്ധരാണ്.

കാർമ്മികൻ : ക്രിസ്തുവിനെ പരിപൂർണതയോടെ അനുധാവനം ചെയ്യാനുള്ള നിങ്ങളുടെ ആഗ്രഹത്തിൽ, തിരുസഭയുടെ പരമാധികാരത്തിനു വിധേയപ്പെടാനും ജീസസ് യൂത്തിന്റെ ആദ്ധ്യാത്മികതയിൽ ജീവിക്കുവാനും ജീസസ് യൂത്തിന്റെ നിരന്തര രൂപല്ക്കരണം സ്വീകരിക്കുവനാനും ജീസസ് യൂത്തിന്റെ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ പങ്കുചേരുവാനും നിങ്ങൾ തീരുമാനിച്ചുറച്ചുവോ?

അർഥി/കൾ : ദൈവസഹായത്താൽ , ഞാൻ **ഞങ്ങൾ** സന്നദ്ധരാണ്.

കാർമ്മികൻ : നിന്റെ / നിങ്ങളുടെ തീരുമാനങ്ങൾ നിറവേറ്റുവാൻ സർവശക്തനായ ദൈവം കൃപയേകട്ടെ.

കാർമ്മികൻ : എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരൻമാരെ, നിങ്ങൾ ദൈവത്തിൽ

നിന്നും അവിടത്തെ തിരുസഭയിൽ നിന്നും എന്താണ് അപേക്ഷിക്കുന്നത്?

അർഥി/കൾ : ഞങ്ങൾ ദൈവത്തിന്റെ കരുണയും ജീസസ് യൂത്തിലും അതിലൂടെയും അവിടത്തെ വിശ്വസ്തതാപൂർവം ശുശ്രൂഷിക്കാനുള്ള കൃപയും യാചിക്കുന്നു.

**സമർപ്പണം, പ്രതിജ്ഞ ഒപ്പുവയ്ക്കൽ**

കാർമ്മികൻ അൾത്താരയുടെ മുമ്പിൽ ഇരിക്കുന്നു. ഇരുവശങ്ങളിലായി രണ്ട് മുതിർന്ന നേതാക്കൾ സാക്ഷികളായി നില്ക്കുന്നു. അർഥികൾ ഓരോരുത്തരായി കടന്നുവന്ന് കാർമ്മികന്റെ മുമ്പിൽ മുട്ടുകുത്തി സമർപ്പണ/പുന:സമർപ്പണ പ്രതിജ്ഞ, ഉറക്കെ ചൊല്ലുന്നു. അതിനുശേഷം പ്രതിജ്ഞാഹതം അൾത്താരയുടെ നടവിൽ വയ്ക്കുന്നു; സ്വസ്ഥാനത്തേക്കു മടങ്ങുന്നു. (പ്രതിജ്ഞ എടുക്കുന്നവരുടെ സംഖ്യ വലുതെങ്കിൽ ഗ്രൂപ്പുകളായി ചെയ്യാവുന്നതാണ്.)

**പ്രതിജ്ഞ എടുത്തവരുടെ പ്രാർത്ഥന**

കാർമ്മികൻ : കർത്താവേ ഇന്ന് അങ്ങയുടെ സഭാമധ്യേ പ്രതിജ്ഞ ചെയ്തുകൊണ്ട് തങ്ങളുടെ ജീവിതത്തെ അങ്ങേക്കു സമർപ്പിക്കാൻ തീരുമാനിച്ചുറച്ച അങ്ങയുടെ ഈ പുത്രീപുത്രൻമാരെ (മക്കളെ) കടാക്ഷിക്കണമെ. തങ്ങളുടെ ജീവിതരീതിയിലൂടെ തിരുനാമം മഹത്വപ്പെടുത്തുന്നതിനും അങ്ങയുടെ സ്നേഹനിർഭരമായ രക്ഷാകരപദ്ധതി പൂർത്തിയാക്കുന്നതിനും അവരുടെമേൽ കരുണയായിരിക്കണമെ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി ഈ പ്രാർത്ഥന കേട്ടരുളണമെ.

സമൂഹം : ആമേൻ.

**6. പ്രത്യുത്തരം**

സഭാമാതാവിനോടു ചേർന്ന് നമുക്കു പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യാം.

പരിശുദ്ധാത്മാവിനു പ്രതിഷ്ഠിക്കൽ

(ചേർക്കുക - പേജ് 39 - പരിശുദ്ധാത്മാവിനോടുള്ള നൊവേന)

ലുത്തിനിയ + പ്രാർത്ഥന

ചേർക്കുക , പേജ് 41 – 44

**7. മധ്യസ്ഥ പ്രാർത്ഥന**

തിരുസഭയുടെയും നമ്മുടെയും നിയോഗങ്ങൾക്കായി പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവേ വരിക എന്നു പ്രത്യുത്തരിക്കുക,

സഭയെ ഒരു പുതിയ പന്തക്കുസ്തയിൽ നവീകരിക്കുവാൻ — പരി....വരിക

ക്രൈസ്തവർക്കിടയിൽ ഐക്യമുളവാക്കുവാൻ — പരി....വരിക

ദൈവവചനം ശ്രവിച്ച് ജീസസ് യൂത്ത് മുന്നേറ്റം ധാരാളം ഫലങ്ങൾ
പുറപ്പെടുവിക്കുന്നതിന് അനുഗ്രഹമേകുവാൻ — പരി....വരിക

മാപ്പേകലിന്റെ ആന്ദം ഞങ്ങൾക്കു വെളിപ്പെടുത്താൻ — പരി....വരിക

ഞങ്ങളുടെ ഹൃദയം അയൽക്കാർക്കെതിരെ കൊട്ടി
യടയ്ക്കാതിരിക്കുന്നതിനുവേണ്ടി ഞങ്ങളെ അങ്ങയുടെ
സ്നേഹത്തിൽ പൂരിതരാക്കുന്നതിന് — പരി....വരിക

അങ്ങയുടെ വാഗ്ദാനമനുസരിച്ച് പുതിയ ആകാശവും
പുതിയ ഭൂമിയും സ്ഥാപിതമാകുന്നതിനായി
ഞങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്താൻ പരി....വരിക

വിഷാദത്തിന്റെയും അനിശ്ചിതത്വത്തിന്റെയും
ഇക്കാലയളവിൽ പ്രത്യാശ ഉജ്ജ്വലിപ്പിക്കുവാൻ പരി....വരിക

(സ്വയം പ്രേരിത മധ്യസ്ഥ പ്രാർത്ഥനകൾ അർപ്പിക്കാം)

**പ്രാർത്ഥന – ജീസസ് യൂത്ത് സെന്ററിനുവേണ്ടി**

ആബാപിതാവേ ഞങ്ങളുടെ മുന്നേറ്റത്തിൻമേലും അംഗങ്ങളുടെ മേലും നിരന്തരം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന സമൃദ്ധമായ കൃപാവർഷത്തിനായി ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങ് ഞങ്ങളുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരുമെന്നു ഞങ്ങൾ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. ജീസസ് യൂത്ത് ഓഫീസ് സംരംഭത്തെ അങ്ങയുടെ പരിപാലനയ്ക്കു സമർപ്പിക്കുന്നു. ഞങ്ങളേയും ഞങ്ങൾക്കുള്ളവയേയും വിനിയോഗിച്ചുകൊണ്ട് അങ്ങയുടെ രാജ്യം കെട്ടിപ്പെടുക്കുന്നതിൽ അങ്ങയുമായി ഹൃദയംഗമമായി സഹകരിക്കാനുള്ള പ്രതിബദ്ധത ഞങ്ങൾ പുതുക്കുന്നു. ഈ നടപടി ക്രമത്തിലേർപ്പെട്ടിരിക്കുന്ന ഞങ്ങളുടെ നേതാക്കളെ അങ്ങയുടെ ജ്ഞാനത്താൽ നയിക്കണമെ. അങ്ങയോടും ഞങ്ങളുടെ മുന്നേറ്റത്തോടുമുള്ള സ്നേഹത്തെ പ്രതി ഈ സംരംഭത്തിൽ പങ്കാളികളാവുകയും പിൻതുണയ്ക്കുകയും ചെയ്യുന്ന് എല്ലാവരേയും അനുഗ്രഹിക്കണമെ. ഈ സെന്റർ അങ്ങയുടെ രാജ്യസേവനത്തിനായി എക്കാലവും നിലനിൽക്കട്ടെ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്ന ഈ പ്രാർത്ഥന കേട്ടരുളണമെ. ആമേൻ.

**8. സമാപനം**

ലീഡർ : നമ്മുടെ പക്ഷകൻ നമുക്കു നല്കിയ വാക്കുകളിൽ പ്രാർത്ഥിക്കാം.

സമൂഹം : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ........

ലീഡർ : നമുക്കു പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവേ, ദുർബലമായതിന്റെമേൽ നിശ്വസിക്കണമെ. ഞങ്ങളുടെയുള്ളിൽ ചാരംമൂടി കിടക്കുന്ന ഉപവിയുടെയും സ്നേഹത്തിന്റെയും കനലുകളെ ജ്വലിപ്പിക്കണമെ. അങ്ങിലൂടെ ഞങ്ങളുടെ ഹൃദയത്തിലെ ഭയങ്ങളും ഇരുണ്ട രാവും ഒരു പുതുജീവന്റെ ഉദയമാവട്ടെ.

സമൂഹം : ആമേൻ

സമൂഹം : കർത്താവു നമ്മെ അനുഗ്രഹിക്കട്ടെ;
എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കട്ടെ;
നിത്യജീവനിലേക്കു നമ്മെ നയിക്കട്ടെ.
ആമേൻ
സമാപനഗാനാലാപനം